# യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

തെരഞ്ഞെടുക്കപ്പെട്ട വനിതയ്ക്കും അവ
ളുടെ മക്കൾക്കും മൂപ്പൻ അഭിവാദ്യങ്ങൾ
നേരുന്നു: നിങ്ങളെ എല്ലാവരെയും സത്യത്തിൽ
ഞാൻ സ്നേഹിക്കുന്നു.
സത്യം അറിയാവുന്ന ഏവരും നിങ്ങളെ
സ്നേഹിക്കുന്നു. **2**നമ്മളിൽ ജീവിക്കുന്ന സത്യം
കാരണം ആണ് ഞങ്ങൾ നിങ്ങളെ സ്നേഹിക്കു
ന്നത്. ഈ സത്യം എക്കാലവും നമ്മോടൊപ്പം
ഉണ്ടാകും.
**3**പിതാവായ ദൈവത്തിൽനിന്നും അവന്റെ
പുത്രനായ യേശു ക്രിസ്തുവിൽനിന്നും കൃപ
യും, കരുണയും, സമാധാനവും നമ്മോടൊത്തു
ണ്ടായിരിക്കും. ഈ അനുഗ്രഹങ്ങൾ സത്യത്തി
ലൂടെയും സ്നേഹത്തിലൂടെയും നാം സ്വീകരി
ക്കുന്നു.
**4**നിന്റെ മക്കളിൽ ചിലർ പിതാവായ ദൈവം
നമ്മോട് കല്പിച്ചതു പോലെയുള്ള സത്യത്തി
ന്റെ പാത പിന്തുടരുന്നതിൽ എനിക്ക് സന്തോ
ഷമുണ്ട്. **5**ഇപ്പോൾ, പ്രിയ വനിതേ, ഞാൻ
നിന്നോടു അഭ്യർത്ഥിക്കുന്നു: നമ്മൾ എല്ലാവരും
അന്യോന്യം സ്നേഹിക്കണം. ഇതൊരു പുതിയ
കല്പനയല്ല. ആദിമുതലേ നമുക്കു ഉണ്ടായിരുന്ന
അതേ കല്പനയാണ്. **6**സ്നേഹിക്കുക എന്നു പറ
ഞ്ഞാൽ, അവൻ നമ്മോട് കല്പിച്ചതുപോലെ
നാം ജീവിക്കുക എന്നതാണ്. ദൈവകല്പന
ഇതാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ജീ
വിതം നിങ്ങൾ നയിക്കുക. ആദിമുതൽ നിങ്ങൾ
കേട്ടതാണ് ഈ കല്പന. **7**കപട അദ്ധ്യാപകർ
ലോകത്തിൽ ഇപ്പോൾ വളരെ ഉണ്ട് ലോക
ത്തിൽ. ഈ കപടാദ്ധ്യാപകർ യേശുക്രിസ്തു,
മനുഷ്യനായി ഭൂമിയിൽ വന്നു എന്ന സത്യം
സമ്മതിക്കാൻ കൂട്ടാക്കുന്നില്ല. ഈ സത്യം അംഗീ
കരിക്കാത്തവൻ കപട അദ്ധ്യാപകനും ക്രിസ്തു
വിന്റെ ശത്രുവുമാണ്. **8**ജാഗരൂകരാകുക
നിങ്ങൾ ശ്രമിച്ചതിനുള്ള പ്രതിഫലം നഷ്ടപ്പെ
ടുത്തരുത്. പൂർണ്ണപ്രതിഫലം സ്വകീരിക്കുന്ന
തിനായി ശ്രദ്ധാലുക്കളാകുക.
**9**ക്രിസ്തുവിന്റെ ഉപദേശങ്ങൾ മാത്രമാണ്
ഒരുവൻ തുടർച്ചയായി പിന്തുടരേണ്ടത്. ക്രി
സ്തുവിന്റെ ഉപദേശം മാറ്റിമറിക്കുന്നവനിൽ
ദൈവം ഇല്ല. എന്നാൽ ക്രിസ്തുവിന്റെ ഉപ
ദേശം പിന്തുടർന്നു കൊണ്ടേയിരിക്കുന്നവനു,
പിതാവും, പുത്രനുമുണ്ട്. **10**ക്രിസ്തുവിന്റെ
ഉപദേശം കൊണ്ടുവരാതെ ഒരുവൻ നിന്റെയ
ടുത്തു വരികയാണെങ്കിൽ, നിന്റെ വീട്ടിൽ
അവന് സ്വാഗതമരുളരുത്, അവനെ നീ സ്വീക
രിക്കയുമരുത്. **11**അവനെ സ്വീകരിക്കുമെങ്കിൽ
അവന്റെ ദുഷ്പ്രവൃത്തികളെ നീ സഹായിക്കു
കയാണ്.

**12**എനിക്ക് നിങ്ങളോടു പറയാൻ ധാരാളം
ഉണ്ട്. പക്ഷേ പേപ്പറും മഷിയും ഉപയോഗിക്കു
വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനു
പകരം നിങ്ങളെ എല്ലാം സന്ദർശിക്കാമെന്നു
ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ നമുക്ക് മുഖാ
മുഖം സംസാരിക്കാം. അതു നമ്മെ അധികം
സന്തോഷം ഉള്ളവരാക്കും. **13**തെരഞ്ഞെടുക്ക
പ്പെട്ട നിങ്ങളുടെ സഹോദരിയും അവരുടെ
മക്കളും സ്നേഹാന്വേഷണങ്ങളെ അറിയി
ക്കുന്നു.